<u>നം.എച്ച്2/35985/2016/ഡി.പി.ഐ.</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, **19.08.2016**

പ്രേഷിതാവ്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
തിരുവനന്തപുരം.

സ്വീകർത്താവ്

1. **എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും**
2. **എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും**

സർ,

വിഷയം :- പൊതു വിദ്യാഭ്യാസം എയ്ഡഡ് –സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച്.

സൂചന :- 1. 05.08.2016–ലെ ജി.ഒ(പി) നമ്പർ 134/2016/പൊ.വി.വ.
2. ഈ ഓഫീസിൽ നിന്നുള്ള 08.08.2016–ലെ ഇതേ നമ്പർ കത്ത്.

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സംരക്ഷിത ജീവനക്കാരുടെ പുനർ വിന്യാസ പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരികയാണല്ലോ. ഇതിനെ സംബന്ധിച്ച് ആദ്യഘട്ട ശിൽപ്പശാലകൾ പൂർത്തിയാക്കി അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച ജില്ലകളിലെ വിദ്യാഭ്യാസ ഓഫീസർമാരെയും മറ്റ് ജീവനക്കാരെയും പ്രത്യേകം അഭിനന്ദിക്കുന്നു. സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും അതീവ ഗൗരവത്തോടെ വീക്ഷിക്കുന്ന വിഷയമായതിനാൽ പുനർവിന്യാസ പ്രവർത്തനങ്ങൾ നിർദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കുവാൻ എല്ലാവരും ജാഗ്രത പുലർത്തണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

പുനർവിന്യാസം സംബന്ധിച്ച് ചില ജില്ലകളിൽ നിന്ന് ഇതിനകം ചില പരാതികൾ ലഭിച്ചിട്ടുണ്ട് എന്നത് താങ്കളുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടി കൂടിയാണ് ഈ കത്ത്. <u>റൂൾ 43 പ്രകാരം പ്രൊമോഷൻ ലഭിച്ചവരും പ്രൊമോഷൻ ലഭിച്ച തസ്തികയിൽ സംരക്ഷണത്തിന് അർഹതയുള്ളവരുമായ ജീവനക്കാരെ അവരുടെ പ്രൊമോഷന് മുൻപുള്ള തസ്തികയിലേക്ക് റിവർട്ട് ചെയ്ത് നിലനിർത്താനും അവിടെ ജോലി നോക്കുന്ന ആളിനെ പുനർവിന്യസിക്കാനും ചില ജില്ലകളിൽ നടപടികൾ സ്വീകരിച്ചതാണ് പരാതിക്കാധാരമായ ഒരു കാര്യം. ഇപ്രകാരം ചെയ്യുന്നത് ചട്ടവിരുദ്ധമാണെന്നറിയിക്കുന്നു.</u> മാത്രമല്ല ഇപ്രകാരം ചെയ്താൽ സംരക്ഷണത്തിന് അർഹതയുള്ളതും നേരിട്ട് എച്ച്.എസ്.എ. ആയതുമായ

(മറുപുറം)

ഒരാൾ എച്ച്.എസ്.എ തസ്തികയിൽ നിന്ന് പുനർവിന്യസിക്കപ്പെടുമ്പോൾ പ്രൊമോഷൻ വഴി എച്ച്.എസ്.എ ആയ ആൾ സീനിയറാണെങ്കിലും തരം താഴ്ത്തപ്പെടുന്ന അവസ്ഥ സംജാതമാകും. കേരള വിദ്യാഭ്യാസ ചട്ടം, അദ്ധ്യായം XIV A റൂൾ 43 ന്റെ രണ്ടാം പ്രൊവിസോ (17.06.2005-ലെ ജി.ഒ(പി) നമ്പർ 187/2005/പൊ.വി.വ പ്രകാരം ചേർത്തത്) താഴെ പറയും പ്രകാരമാണ്.

"Provided further that where a Headmaster or a teacher who has been promoted under this rule faces retrenchment for want of vacancy, he shall be reverted to the category of post from which he has been promoted provided he is not eligible for protection in the retrenched post as per the order issued by the Government from time to time".

ചട്ടം ഇപ്രകാരമായിരിക്കെ യു.പി.വിഭാഗത്തിൽ നിന്ന് പ്രൊമോഷൻ ലഭിച്ചുവന്ന ഹൈസ്കൂൾ അസിസ്റ്റന്റിനെ (അല്ലെങ്കിൽ മറ്റേതെങ്കിലും വിഭാഗം ജീവനക്കാരനെ) അവർക്ക് പ്രൊമോഷൻ കാറ്റഗറിയിൽ സംരക്ഷണത്തിന് അർഹതയുണ്ടെങ്കിൽ തസ്തിക നിർണയത്തിലൂടെ റിവർട്ട് ചെയ്യാൻ കഴിയില്ല. ചില ജില്ലകളിൽ പുനർവിന്യാസം നടത്തുന്ന തിനായി ഇത്തരം റിവേർഷൻ നടത്തി ലിസ്റ്റ് സമർപ്പിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാ രോട് ആവശ്യപ്പെട്ടതായും അറിയുന്നു. ഇതും ചട്ട വിരുദ്ധമാണ്. തസ്തിക നിർണയ ഉത്ത രവ് പുറപ്പെടുവിച്ചതിനുശേഷം അതിൽ എന്തെങ്കിലും മാറ്റം വരുത്താൻ വ്യക്തമായ അപ്പീൽ/റിവ്യൂ നിർദേശമില്ലാതെ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അധികാരമില്ല എന്ന കാര്യവും പ്രത്യേകം ശ്രദ്ധിക്കുക. ഏതെങ്കിലും വിദ്യാഭ്യാസ ജില്ലകളിൽ തസ്തിക നിർണയത്തോടനുബന്ധിച്ച് റൂൾ 43 നു വിരുദ്ധമായ റിവേർഷൻ നടന്നിട്ടുണ്ടെങ്കിൽ അവ സംബന്ധിച്ച് ലഭിച്ചിട്ടുള്ള അപ്പീലുകൾ പുനർവിന്യാസത്തിനു മുൻപ് തീർപ്പ് കല്പിച്ച് പ്രസ്തുത അദ്ധ്യാപകരെ അവർക്ക് നിയമാനുസൃതം അർഹതയുള്ള തസ്തികയിൽ നിന്നു തന്നെ പുനർവിന്യസിക്കാനുള്ള നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിദ്യാ ഭ്യാസ ഉപ ഡയറക്ടർ നിർബന്ധമായും കൈക്കൊള്ളണമെന്നും അറിയിക്കുന്നു.

എന്നിരുന്നാലും റിവേർഷൻ അഭിമുഖീകരിക്കുന്ന ആളിനെ ഉൾക്കൊള്ളിക്കാൻ അദ്ദേഹം പ്രൊമോഷൻ നേടുന്നതിനു മുൻപ് ജോലി ചെയ്തിരുന്ന തസ്തികയിൽ ഒഴിവ് നിലനിൽക്കുന്നുണ്ടെങ്കിൽ സംരക്ഷണത്തിന് അർഹതയുള്ളവരെയും റിവർട്ട് ചെയ്യേണ്ട താണ്. റൂൾ '51 എ' പ്രകാരം ഇവർക്ക് പ്രൊമോഷന് മുൻപുള്ള തസ്തികയിലും പുനർ നിയമനത്തിന് അർഹതയുള്ളതിനാലാണ് ഇപ്രകാരം ചെയ്യേണ്ടത്.

നിലവിലുള്ള ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് സംരക്ഷണം നൽകിയിട്ടുള്ളതിന്റെ പേരിൽ അവരെയും പുനർവിന്യസിക്കാൻ ചില ജില്ലകളിൽ തീരുമാനിച്ചതായി അറിയുന്നു. അധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്ററായി ജോലി നോക്കുന്ന ആരെയും ഡിപ്പാർട്ട്മെന്റിന്റെ അനുമതി കൂടാതെ തൽസ്ഥാനത്തു നിന്നു മാറ്റേണ്ടതില്ല എന്നും അറിയിക്കുന്നു. ഇവരുടെ മാതൃ വിദ്യാലയത്തിൽ തസ്തിക ഉണ്ടാകുമ്പോഴാണ് അവരെ തിരിച്ചയക്കേണ്ടത്.

സംരക്ഷിതാദ്ധ്യാപകരുടെ കാറ്റഗറി തിരിച്ച സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾ (റവന്യൂ ജില്ലാതലം) അദ്ധ്യാപകരുടെ സ്കൂളിലെ സീനിയോറിറ്റി (റൂൾ 34 പ്രകാരമുള്ളത്) സംരക്ഷിക്കാനും ശ്രദ്ധിക്കണം. ഒരു സ്കൂളിൽ ഒരു കാറ്റഗറിയിൽ ഒന്നിലധികം സംരക്ഷിതാദ്ധ്യാപകർ ഉണ്ടെങ്കിൽ അവരുടെ കാര്യത്തിൽ സ്കൂളിലെ/മാനേജ്മെന്റിലെ സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റിക്ക് മാറ്റമില്ലാതെ സംരക്ഷിക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകണം.

നിർദിഷ്ട സമയ പരിധിക്കുള്ളിൽ തന്നെ പുനർവിന്യാസ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ താങ്കൾ മാതൃകാപരമായ നേതൃത്വം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ വിഷയത്തിൽ യാതൊരു കാലവിളംബവും പാടില്ലെന്നും പുനർവിന്യസിക്കപ്പെട്ടവരുടെയും ബാക്കിയുള്ളവരുടെയും ലിസ്റ്റും, നിലവിൽ ഒഴിവുകളുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും 27.08.2016 നുതന്നെ ഡയറക്ടറേറ്റിൽ എത്തിക്കണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

കെ.വി.മോഹൻകുമാർ ഐ.എ.എസ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

sl.BA/p